(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം പരിമിതമാണെന്ന് പരാതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഫണ്ടിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന രൂപരേഖയായോ ; വിശദമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മിഷൻ 676 -ൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ

54 (4089) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(സി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ക്ഷീരവരം പദ്ധതി

55 (4090) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ക്ഷീരവികസന മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമത്തിനുമായി പാലക്കാട് ജില്ലയിൽ ക്ഷീരവരം എന്ന പദ്ധതിക്ക് രൂപം നല്കിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ക്ഷീരവരം പദ്ധതിയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പാലക്കാട് ജില്ലയിലെ ക്ഷീരസംഘം പ്രതിനിധികളുടെ യോഗതീരുമാനപ്രകാരം പാലക്കാട് പാക്കേജ് ഫോർ ഡെയറി ഡെവലപ്മെന്റ് അഥവാ ക്ഷീരവരം എന്ന പേരിൽ പാലക്കാട് ജില്ലയ്ക്കുവേണ്ടി തയ്യാറാക്കിയ പദ്ധതി നിർദ്ദേശം പാലക്കാട് ജില്ലാ ഓഫീസർ മുഖേന വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി തൻവർഷത്തെ പ്ലാൻ പദ്ധതി നിർദ്ദേശങ്ങളിലോ ബഡ്ജറ്റ് വിഹിതത്തിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതിയും ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്.

അന്യസംസ്ഥാനത്ത് നിന്നെത്തുന്ന പാലിന്റെ ഗുണനിലവാരം

56 (4091) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്നും വിവിധ പേരുകളിലെത്തുന്ന പാലാണ് പല ഭക്ഷണശാലകളിലും ഉപയോഗിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനത്തുനിന്നും വിവിധ പേരുകളിലെത്തുന്ന പാൽ സർക്കാർ അനുമതിയോടെയും ക്ഷീരവികസന വകുപ്പിന്റെ അംഗീകാരത്തോടെയുമാണോ ഹോട്ടലുകളിലും മറ്റ് ഭക്ഷണശാലകളിലും ഉപയോഗിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(സി) ഗുണനിലവാരം ഇല്ലാത്ത പാൽ സംസ്ഥാനത്ത് ഉപയോഗിക്കപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly